പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1327

20.01.2014 ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ. രാധാകൃഷ്ണൻ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ കടകളിൽ ഗോതമ്പ്, പഞ്ചസാര തുടങ്ങിയവ ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) സർക്കാർ ഇവയുടെ വിതരണം നിർത്തിവച്ചിട്ടുണ്ടോ; | (എ) (ബി) എ.പി.എൽ. വിഭാഗങ്ങൾക്ക് ഗോതമ്പ് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് 2013 നവംബർ മാസം മുതൽ ഗോതമ്പ് വിതരണം ചെയ്യുന്നതിന് പകരം പ്രതിമാസം 2 കി.ഗ്രാം വീതം ആട്ട വിതരണം നടത്തുന്നുണ്ട്; |
| (സി) റേഷൻ കടകളിൽ പഞ്ചസാരയും ഗോതമ്പും ലഭ്യമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തിനുള്ള ആകെ പ്രതിമാസ വിട്ടെടുപ്പ് വിഹിതം 122724 മെ.ടണ്ണിൽ കൂടുവാൻ പാടില്ലാ എന്ന് കേന്ദ്ര സർക്കാർ നിബന്ധന ഏർപ്പെടുത്തിയതിനാൽ എ.പി.എൽ. കാർഡുടമകൾക്ക് ഗോതമ്പ് വിതരണം നടത്തുന്നില്ല. പകരം പ്രതിമാസം 2 കിലോഗ്രാം വീതം ആട്ട നൽകുന്നുണ്ട്. പഞ്ചസാര ലഭ്യമല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; |
| (ഡി) കഴിഞ്ഞ സർക്കാർ വിതരണം ചെയ്തിരുന്നതുപോലെ മുടക്കമില്ലാതെ ന്യായവിലയ്ക്ക് ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കേന്ദ്ര സർക്കാരിനോട് നിബന്ധന പിൻവലിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ